**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ T 6398** **08.11.2016-ൽ മറുപടിക്ക്**

**ആദിവാസി മേഖലകൾ കേന്ദ്രീകരിച്ച് സായുധ സംഘങ്ങൾ**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പാറക്കൽ അബ്ദുല്ല | ശ്രീ.പിണറായി വിജയൻ<br>( മുഖ്യമന്ത്രി) |
| (എ) അത്യാധുനിക ആയുധങ്ങൾ ഉപയോഗിക്കുന്ന സായുധ സംഘങ്ങൾ ആദിവാസി മേഖലകൾ കേന്ദ്രീകരിച്ച് പ്രവർത്തിച്ചു വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) 2013 ജനവരി മാസം മുതൽ സംസ്ഥാനത്തിന്റെ വടക്കൻ ജില്ലകളിലെ വനപ്രദേശങ്ങളിലും, സമീപപ്രദേശങ്ങളും സായുധരായ സംഘങ്ങളുടെ പ്രവർത്തനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവർ നിരോധിത സംഘടനയായ സി.പി.ഐ. മാവോയിസ്റ്റ് എന്ന സംഘടനയിലെ അംഗങ്ങളാണ്. |
| (ബി) ആധുനിക അമ്പ് മുതൽ അത്യാധുനിക യന്ത്രവത്കൃത തോക്കുകൾ വരെ ഉപയോഗിക്കാൻ ഈ സംഘങ്ങൾ പ്രാപ്തരാണെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) അത്യാധുനിക ആയുധങ്ങൾ അവരുടെ പക്കൽ ഉള്ളതായി വിവരങ്ങൾ ലഭിച്ചിട്ടുണ്ട്. |
| (സി) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിലാണ് ഇത്തരം പ്രവർത്തനങ്ങൾ ശക്തി പ്രാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) സംസ്ഥാനത്ത് പാലക്കാട്, മലപ്പുറം, വയനാട്, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലാണ് ഈ സംഘത്തിന്റെ പ്രവർത്തനങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നത്. |
| (ഡി) ആദിവാസികളെ ചാവേറുകളാക്കി, രാഷ്ട്രീയവും കായികവുമായ നേട്ടം ലക്ഷ്യംവെച്ചു കൊണ്ടുള്ള ഏതെങ്കിലും കേന്ദ്രങ്ങൾ ഇതിനു പിന്നിലുണ്ടോയെന്ന് പരിശോധിക്കുമോ; വിശദാംശം നൽകുമോ? | (ഡി) നാളിതുവരെ അത്തരത്തിലുള്ള ഒരു നീക്കം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അത്തരം നീക്കം നടന്നിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**